സുനാമി അടിയന്തിര സഹായ പദ്ധതിയിനത്തിൽ അനുവദിച്ച സഹായം

152 [917] പ്രൊഫ. കെ. വി. തോമസ് :
ശ്രീ. എ. കെ. മണി :
,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കുവേണ്ടി വായ്പയായും സുനാമി അടിയന്തിര സഹായ പദ്ധതിയിനത്തിൽ ഗ്രാന്റായും എ.ഡി.ബി. എന്ത് ധനസഹായം അനുവദിച്ചു ;

(ബി) ഓരോയിനത്തിലും എന്തു തുകയാണ് അനുവദിച്ചത് ;

(സി) ഈ തുക അനുവദിച്ചതെന്നാണ് ; ഈ തുക ചെലവഴിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതി തയ്യാറാകാതെ തുക ലഭിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഏകദേശം 38 കോടി 61 ലക്ഷം രൂപ ഗ്രാന്റായി അനുവദിച്ചു.

(ബി)

നഷ്ടപ്പെട്ട ജീവിത മാർഗ്ഗങ്ങളുടെ പുനഃസൃഷ്ടിക്കായി നിലവിലുള്ള സ്വയം സഹായ സംഘങ്ങളേയും സുനാമി ബാധിച്ച് പ്രവർത്തനം നിലച്ച സംഘങ്ങളേയും സഹായിക്കുന്നതിന്	19.63	കോടി.
സംഘങ്ങൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ സ്ത്രീകളുടെയും തീരദേശവാസികളുടെയും പുതിയ സംഘങ്ങൾ ഉണ്ടാക്കുന്നതിനായി	12.74	കോടി.
കാര്യശേഷി വർദ്ധിപ്പിക്കൽ	1.03	കോടി.
അപകട ലഘൂകരണം	2.967	കോടി.
സുനാമിമൂലം നഷ്ടപ്പെട്ട ജീവനോപാധികൾ തിരിച്ചു നൽകൽ	2.269	കോടി

(സി) 1-6-2005 മുതലാണ് പദ്ധതി ആരംഭിച്ചത്. 3 വർഷ കാലയളവിലുള്ള പ്രസ്തുത പദ്ധതിയുടെ വാർഷിക ബഡ്ജറ്റ്, ആക്ഷൻ പ്ലാൻ എന്നിവ തയ്യാറാക്കി നൽകിയിട്ടുണ്ട്. ആക്ഷൻ പ്ലാൻ അംഗീകരിക്കുന്ന മുറയ്ക്ക് തുക ലഭിക്കുന്നതാണ്.

(ഡി) പദ്ധതി തയ്യാറാക്കാതെ തുക ലഭിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly